സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – 2023–24 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം – പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3701/20/Est-1** നന്തൻകോട് **09/08/2023**

---

പരാമർശം :– 1) 01–04–2023 ലെ മേൽ നമ്പർ ഉത്തരവ്.
2) G.O(P) No. 66/2023/Fin, dated 30-06-2023
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 31–07–2023 ലെ DA 465/23/E-1 നമ്പർ റിമാർക്സ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ വിഭാഗം ജീവനക്കാരുടേയും 2023–24 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 30–06–2023 വരെ നിർത്തിവച്ച് ഉത്തരവായിരുന്നു (പരാമർശം –1).

സംസ്ഥാന സർക്കാർ ജീവനക്കാരുടെ മാറ്റിവച്ചിരുന്ന 2023–24 വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 4 വർഷത്തിനുശേഷം മാത്രമേ പിൻവലിക്കാവൂ എന്ന വ്യവസ്ഥയിൽ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം –2).

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ 2023–24 വർഷത്തെ പീരിയോഡിക്കൽ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം വ്യവസ്ഥകളോടെ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് അനുവദിക്കാവുന്നതാണെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടു (പരാമർശം –3).

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ മാറ്റിവച്ചിരുന്ന 2023–24 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം ചുവടെ വിവരിക്കുന്ന വ്യവസ്ഥകളോടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

1. പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുന്ന ഏൺഡ് ലീവ് സറണ്ടർ തുക 30–06–2027 ന് ശേഷമോ അല്ലെങ്കിൽ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ക്ലോസ് ചെയ്യുമ്പോഴോ (ഏതാണോ ആദ്യം) മാത്രമേ പിൻവലിക്കാൻ പാടുള്ളൂ.

(മറുപുറം)

2. 31–03–2024 നകം 2023–24 വർഷത്തെ ഏൺഡ് ലീവ് സറണ്ടറിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷയുടെ അടിസ്ഥാനത്തിൽ നീക്കിയിരിപ്പുള്ള ഏൺഡ് ലീവ് അക്കൗണ്ട് പ്രകാരമുള്ള അവധിയിൽ പരമാവധി 30 ദിവസം എന്ന ക്രമത്തിൽ സറണ്ടർ ചെയ്യുന്നതിനുള്ള അനുമതി ബന്ധപ്പെട്ട അധികാരികൾ നൽകേണ്ടതാണ്.
4. ഏൺഡ് ലീവ് സറണ്ടറിന്റെ അംഗീകരിച്ച ബില്ലുകൾ പ്രകാരം ചെലവെഴുതുന്ന തുക ഒടുക്ക് വരുത്തി ചെല്ലാൻ, സ്റ്റേറ്റ്മെന്റ് എന്നിവ ദേവസ്വം അക്കൗണ്ട്സ് ആഫീസിലേക്ക് അയക്കേണ്ടതാണ്.
5. പി.എഫ്. അംഗത്വം ഇതിനകം ആയിട്ടില്ലാത്തതും ഏൺഡ് ലീവ് സറണ്ടറിന് അർഹതയുള്ളതുമായ ജീവനക്കാർ ലീവ് സറണ്ടർ ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുന്നപക്ഷം ആയത് അംഗീകരിച്ച് അവർക്ക് പ്രൊവിഡന്റ് ഫണ്ട് അംഗത്വം ലഭിക്കുന്ന മുറയ്ക്ക് തുക ഒടുക്കു വരുത്തേണ്ടതാണ്.
6. ഏൺഡ് ലീവ് സറണ്ടറിന് ഒടുക്കുവരുത്തുവാനാവശ്യമായ കൃത്യമായ തുക മാത്രം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽനിന്നും പ്രത്യേകമായി ക്രെഡിറ്റ് ആവശ്യപ്പെട്ട് വാങ്ങേണ്ടതാണ്. ഇത്തരത്തിൽ വാങ്ങുന്ന ക്രെഡിറ്റ് തുക ലഭിച്ച് രണ്ട് പ്രവൃത്തി ദിവസത്തിനുള്ളിൽ തന്നെ തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലോസ് ചെയ്തവരുടെ 2023–24 വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം രൊക്കം പണമായി നൽകുന്നതിന് അനുവദിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :–

1. എല്ലാ ഡിപ്പാർട്ട്മെന്റ് /ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK